## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2184 | 01.02.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോ ജീവനക്കാരുടെ ഒഴിവുകളും സേവന വേതന വ്യവസ്ഥകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ടുമായി ബന്ധപ്പെട്ട് പുതുതായി എത്ര തസ്തികകളാണ് സപ്ലൈകോയിൽ സൃഷ്ടിക്കാനുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇതിനുള്ള നടപടിക്രമങ്ങൾ ഏത ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ടുമായി ബന്ധപ്പെട്ട് സപ്ലൈകോയിൽ 318 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) സപ്ലൈക്കോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ, ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ 2017 ഡിസംബർ 31 വരെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ജില്ലകളിൽ പി.എസ്.സി അസിസ്റ്റന്റ് സെയിൽസ്മാൻ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) സപ്ലൈക്കോയിൽ 2017 ഡിസംബർ 31 വരെ അസിസ്റ്റന്റ് സെയിൽസ്മാന്റെ 151 ഒഴിവുകളും സീനിയർ അസിസ്റ്റന്റ്-I ന്റെ 2 ഒഴിവുകളും, സീനിയർ അസിസ്റ്റന്റ്-II ന്റെ 2 ഒഴിവുകളുമാണ് ഉള്ളത് ജൂനിയർ അസിസ്റ്റന്റിന്റെ ഒഴിവുകൾ ഒന്നും നിലവിലില്ല. ആലപ്പുഴ, പത്തനംതിട്ട, വയനാട് ജില്ലകളിൽ അസിസ്റ്റന്റ് സെയിൽസ്മാൻ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ട്. |
| (സി) കഴിഞ്ഞ 10 വർഷമായി സപ്ലൈകോയിൽ എത്ര ഔട്ട് ലെറ്റുകൾ പുതുതായി തുറന്നെന്നു അറിയിക്കാമോ; ഇതിന് ആനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) കഴിഞ്ഞ 10 വർഷമായി സപ്ലൈകോയിൽ 346 പുതിയ ഔട്ട് ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. മനുഷ്യവിഭവശേഷിയെക്കുറിച്ച് പഠനം നടത്തിയ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | 2017 ഏപ്രിൽ 24 ന്റെ പണിമുടക്കിനെ ത്തുടർന്നുണ്ടായ ഒത്തുതീർപ്പ വ്യവസ്ഥകളനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ; | (ഡി) | 2017 ഏപ്രിൽ 24 ന്റെ പണിമുടക്കിനെ ത്തുടർന്നുണ്ടായ ഒത്തുതീർപ്പ വ്യവസ്ഥകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) | കോമൺ സർവ്വീസ് റൂൾ നടപ്പാക്കുന്നതിനും പ്രൊഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ട പ്രകാരം സപ്ലൈകോയിലെ സ്റ്റാഫ് സ്ട്രെങ്ത് പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ; ഡെപ്യൂട്ടേഷൻ നിർത്തലാക്കുന്നതിന്റെ ഭാഗമായി വകുപ്പുതല ജീവനക്കാർക്ക് ഓപ്ഷൻ നൽകുവാനുള്ള തീരുമാനം നടപ്പിലാക്കുവാനുണ്ടാകുന്ന കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ? | (ഇ) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ